പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1359.

04.12.2014 ൽ മറുപടിക്ക്

## പുതുതായി ഗ്യാസ് കണക്ഷനോടൊപ്പം ഗ്യാസ് സ്റ്റൗ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി.കെ. സദാശിവൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | പുതുതായി ഗ്യാസ് കണക്ഷൻ ലഭിക്കുന്നവർക്ക് ഗ്യാസ് സിലിണ്ടർ വിതരണം ചെയ്യുമ്പോൾ ഏജൻസി കളിൽനിന്നു മാത്രം ഗ്യാസ് സ്റ്റൗ വാങ്ങണമെന്ന വ്യവസ്ഥയുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ ഏജൻസികളിൽനിന്നും ഗ്യാസ് സ്റ്റൗ വാങ്ങാത്ത ഉപഭോക്താക്കൾക്ക് സിലിണ്ടർ വിതരണം ചെയ്യുന്നതിന് ഏജൻസികൾ വൈമുഖ്യം കാണിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ സപ്ലൈ ആഫീസർമാരുടെ നേതൃത്വത്തിൽ അത്തരം പരാതികൾ പരിഹരിക്കുന്നുമുണ്ട്. |
| (സി) | ഉപഭോക്താക്കൾക്കുണ്ടാകുന്ന ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ? | (സി) | അത്തരം പരാതികൾ ഗ്യാസ് ഏജൻസി തലത്തിൽ സംഘടിപ്പിച്ചിട്ടുള്ള സോഷ്യൽ മോണിറ്ററിംഗ് സമിതികളിലും, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിളിച്ചു കൂട്ടുന്ന താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുക്കുന്ന ഓപ്പൺ ഫോറങ്ങളിലും, ജില്ലാ കളകട്റുടെ നേതൃത്വത്തിൽ നടക്കുന്ന പരാതി പരിഹാര അദാലത്തുകളിലും പരിഹരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ